അന്ധതയുള്ളവർക്ക് ബസ്സുകളിൽ ആജീവനാന്തം സൗജന്യയാത്ര

94 (2807) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എല്ലാ ട്രാൻസ്പോർട്ട് ബസ്സുകളിലും അന്ധന്മാർക്ക് സൗജന്യയാത്ര അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) നൂറുശതമാനം അന്ധതയുള്ളവർക്ക് ആജീവനാന്തം സൗജന്യ യാത്രാസൗകര്യത്തിന് പാസ് അനുവദിക്കുമോ ?

ഉത്തരം

(എ) സിറ്റി സർവ്വീസ്, ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളിൽ മാത്രമെ ഇപ്പോൾ പാസ് അനുവദിച്ചിട്ടുള്ളൂ. സാമ്പത്തിക പരാധീനതമൂലം എല്ലാത്തരം ബസിലും പാസ് അനുവദിക്കുവാൻ നിവൃത്തിയില്ല.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

വലിയതുറ- പരുത്തിക്കുഴി ബസ് സർവ്വീസ്

95 (2808) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ വലിയതുറ-പരുത്തിക്കുഴി ശ്രീവരാഹം മാർക്കറ്റ്, അട്ടക്കുളങ്ങര വഴി സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. സിറ്റി സർവ്വീസ് ഇപ്പോൾ സർവ്വീസ് നടത്തുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർവ്വീസ് കൃത്യമായി നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത റൂട്ടിൽ ശ്രീവരാഹം മാർക്കറ്റ് ജംഗ്ഷനിൽ നിന്നും എൻ.എച്ച്. ബൈപാസ് വരെയുള്ള റോഡ് ഡ്രെയിനേജ് പണിമൂലം ബസ് സർവ്വീസ് നടത്തുവാൻ കഴിയുന്നില്ല. ഡ്രെയിനേജ് പണി തീർന്ന് റോഡ് ഗതാഗത യോഗ്യമാകുമ്പോൾ ഈ ബസ് സർവ്വീസിന്റെ കാര്യം പരിഗണിക്കുന്നതാണ്.

വർക്കലയിൽ സബ് സ്റ്റേഷൻ അനുവദിക്കാൻ അപേക്ഷ

96 (2809) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ നിന്നും കെ.എസ്.ആർ.ടി. സി. വക എത്ര ബസ് സർവ്വീസ് വർക്കലയിൽ എത്തുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) വർക്കലയിൽ ഒരു കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷൻ സ്ഥാപിക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്തു തീരുമാനമായി എന്നു വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly